**ഭരണഭാഷ - മാതൃഭാഷ**

NO TO DRUGS

**നം: DGE/2565/2026-A5**

പൊതുവിദ്യാഭ്യാസ ഡയറക്ടറുടെ കാര്യാലയം
തിരുവനന്തപുരം, തീയതി : 15-09-2026
ഇ-മെയിൽ : supdta.dge@kerala.gov.in

**പ്രേഷകൻ**

പൊതുവിദ്യാഭ്യാസ ഡയറക്ടർ,
തിരുവനന്തപുരം

**സ്വീകർത്താക്കൾ**

എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാർക്കും.

സർ,

**വിഷയം :-** പൊതുവിദ്യാഭ്യാസം - ജീവനക്കാര്യം - 2026-27 അധ്യയന വർഷത്തെ അധ്യാപകരുടെ റവന്യൂ ജില്ലാതല ഓൺലൈൻ പൊതുസ്ഥലംമാറ്റം - നിർദ്ദേശങ്ങളും സമയക്രമവും നൽകുന്നത് - സംബന്ധിച്ച്.

**സൂചന :-** 1. ഈ കാര്യാലയത്തിൽ നിന്നുള്ള 17/02/2026 തീയതിയിലെ DGE/2565/2026-A5 നമ്പർ സർക്കുലർ.

2. ഈ കാര്യാലയത്തിൽ നിന്നുള്ള 20/08/2026 തീയതിയിലെ DGE/14952/2026-H2 നമ്പർ സർക്കുലർ.

******************

സൂചനകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. സെൻസസ് ഡ്യൂട്ടിയുമായി ബന്ധപ്പെട്ട് നിർത്തിവച്ചിരുന്ന 2026-27 അധ്യയന വർഷത്തെ അധ്യാപകരുടെ പൊതുസ്ഥലംമാറ്റ നടപടികൾ പുനരാരംഭിക്കുന്നതിനായി തീരുമാനിച്ചിട്ടുണ്ട്. സൂചന (1) ലെ സർക്കുലർ വ്യവസ്ഥകൾ നിലനിർത്തിക്കൊണ്ട് തന്നെ, പുതിയ സാഹചര്യത്തിൽ താഴെ പറയുന്ന കാര്യങ്ങൾ കൂടി ഉൾപ്പെടുത്തി തുടർനടപടികൾ സ്വീകരിക്കാൻ നിർദ്ദേശം നൽകുന്നു:

1. ട്രാൻസ്ഫർ & പോസ്റ്റിങ്ങ് സൈറ്റിൽ നേരത്തെ റിപ്പോർട്ട് ചെയ്ത ഒഴിവുകളിൽ പി.എസ്.സി നിയമന ശിപാർശ ലഭിച്ച ഉദ്യോഗാർത്ഥികൾക്ക് നിയമനം നടത്തിയത് വഴിയും, 2026-27 ലെ തസ്തിക നിർണ്ണയത്തിൽ ഗണ്യമായ തസ്തികകൾ നഷ്ടപ്പെട്ടതു മുഖേന അധ്യാപകരുടെ പുനഃക്രമീകരണം

നടത്തിയതു വഴിയും ധാരാളം തസ്തികകൾ നഷ്ടപ്പെടുകയുണ്ടായി. ഈ സാഹചര്യത്തിൽ എല്ലാ വിദ്യാഭ്യാസ ഉപഡയറക്ടർമാരും **30.09.2026** വരെയുള്ള ഒഴിവുകളുടെ വ്യക്തമായ കണക്ക് **5** ദിവസത്തിനുള്ളിൽ നിശ്ചിത മാതൃകയിൽ വെബ്സൈറ്റിൽ ഉൾപ്പെടുത്തേണ്ടതാണ്. ഇതിനായുള്ള ഓപ്ഷൻ പോർട്ടലിൽ ലഭ്യമാക്കുന്നതാണ്.

2. ഓൺലൈൻ പൊതുസ്ഥലംമാറ്റത്തിന് നിലവിൽ അപേക്ഷ റദ്ദ് ചെയ്യാനുള്ള ശിപാർശ നൽകിയിട്ടുള്ളവരുടെ അപേക്ഷകൾ റദ്ദാക്കുന്നതിനുള്ള സൗകര്യം വിദ്യാഭ്യാസ ഉപഡയറക്ടർമാർക്ക് പോർട്ടലിൽ ലഭ്യമാക്കുന്നതാണ്.

3. മുൻപ് അപേക്ഷ സമർപ്പിച്ച അധ്യാപകർ നിലവിൽ സ്കൂൾ മാറിപ്പോയിട്ടുണ്ടെങ്കിൽ, പ്രസ്തുത അധ്യാപകരുടെ ഐ.ഡി **(ID)** നിലനിർത്തിക്കൊണ്ട് തന്നെ നിലവിലെ സ്കൂൾ വിവരങ്ങൾ രേഖപ്പെടുത്തുന്നതിന് **5** ദിവസത്തെ സമയം അധ്യാപകർക്ക് അനുവദിക്കുന്നതാണ്.

4. റഗുലർ തസ്തിക ലഭ്യമല്ലാതെ സൂചന **(2)** സർക്കുലർ പ്രകാരം എച്ച്.ടി.വി തസ്തികകളിലും എസ്.എസ്.കെ യിലും താൽക്കാലികമായി ക്രമീകരിച്ചിട്ടുള്ള അധ്യാപകരെ ഈ പൊതുസ്ഥലംമാറ്റത്തിന് പരിഗണിക്കുന്നതല്ല. അത്തരം അപേക്ഷകൾ ഇല്ല എന്ന് സൂക്ഷ്മ പരിശോധനയിൽ വിദ്യാഭ്യാസ ഉപ ഡയറക്ടർമാർ ഉറപ്പുവരുത്തേണ്ടതാണ്.

ഓൺലൈൻ ട്രാൻസ്ഫർ പോർട്ടൽ വീണ്ടും തുറക്കുന്നതിനും നടപടിക്രമങ്ങൾ സമയബന്ധിതമായി പൂർത്തിയാക്കുന്നതിനുമുള്ള പുതുക്കിയ സമയക്രമം താഴെ നൽകുന്നു:

1. അധ്യാപകർക്ക് നിലവിലെ സ്കൂൾ വിവരങ്ങൾ പുതുക്കുന്നതിനായി അനുവദിക്കുന്ന സമയം **19.09.2026** (ശനി) മുതൽ **23.09.2026** (ബുധൻ) വരെ. (മുൻപ് അപേക്ഷ സമർപ്പിച്ചതിനുശേഷം സ്കൂൾ മാറിയവർക്കുമാത്രം.)

2. ഓരോ ജില്ലയിലെയും **30.09.2026** വരെയുള്ള ഒഴിവുകളുടെ കണക്ക് വെബ്സൈറ്റിൽ വിദ്യാഭ്യാസ ഉപഡയറക്ടർ ഉൾപ്പെടുത്തേണ്ട സമയം **24.09.2026** (വ്യാഴം) മുതൽ **28.09.2026** (തിങ്കൾ) വരെ.

3. വിദ്യാഭ്യാസ ഉപഡയറക്ടറുടെ ഓഫീസിൽ അപേക്ഷ പരിശോധിക്കലും,ആവശ്യമെങ്കിൽ റദ്ദ് ചെയ്യൽ സീനിയോറിറ്റി തയ്യാറാക്കലും **29.9.2026**(ചൊവ്വ) മുതൽ **7.10.2026** (ബുധൻ) വരെ.

4. ജില്ലയിൽ ഓരോ തസ്തികയിലേക്കും ലഭിച്ച അപേക്ഷകളുടെ വിശദാംശങ്ങൾ (സീനിയോറിറ്റി അടങ്ങിയ സംക്ഷിപ്ത രൂപം) പ്രസിദ്ധീകരിക്കുന്നത് **9.10.2026** (വെള്ളി).

5. അപേക്ഷകർക്ക് ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയം **10.10.2026** (ശനി) മുതൽ **16.10.2026**(വെള്ളി) വരെ.

6. താൽക്കാലിക സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ **17.10.2026** (ശനി).

7. താൽക്കാലിക സ്ഥലംമാറ്റ ഉത്തരവിൽ ആക്ഷേപം സമർപ്പിക്കുന്നതിനുള്ള സമയം **19.10.2026** (തിങ്കൾ) മുതൽ **22.10.2026** (വ്യാഴം) വരെ.

8. അന്തിമ സ്ഥലംമാറ്റ ഉത്തരവ് പുറപ്പെടുവിക്കൽ **23.10.26**

വിശ്വസ്തതയോടെ,

Digitally signed by
SIMI A S
Date: 15-09-2026
11:26:04

SENIOR ADMINISTRATIVE OFFICER
പൊതുവിദ്യാഭ്യാസ ഡയറക്ടർക്കു വേണ്ടി

**പകർപ്പ്:** ചീഫ് എക്സിക്യൂട്ടീവ് ഓഫീസർ,
കൈറ്റ്,
പൂജപ്പുര,തിരുവനന്തപുരം
(അറിവിലേക്കും ആവശ്യമായ സാങ്കേതിക ക്രമീകരണങ്ങൾ ട്രാൻസ്ഫർ പോർട്ടലിൽ അടിയന്തരമായി ഏർപ്പെടുത്തുന്നതിലേക്കുമായി).